# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.1940 05.10.2016-ൽ മറുപടിയ്ക്ക്

### ജല അതോറിറ്റി വരവ്-ചെലവ് കണക്ക്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.കെ. ശശി : | മാത്യു. ടി. തോമസ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |

എ മുൻ സർക്കാരിൻെറ അഞ്ചു കൊല്ലകാലയളവിൽ ജല അതോരിറ്റിയിൽ ഓരോ വർഷവും വേണ്ടിവന്ന എസ്റ്റാബ്ലിഷ്മെന്റ് ചെലവ് , അറ്റകുറ്റപ്പണി ചെലവ്, ഉല്പാദന ചെലവ്, വൈദ്യുതി ചെലവ് എന്നിവ എത്രയെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ;

എ

| | (in crore) | (in crore) | (in crore) | (in crore) | (in crore) |
|---|---|---|---|---|---|
| വർഷം | അറ്റകുറ്റ പ്പണി ചെലവ് (1) | എസ്റ്റാ ബ്ളിഷ് മെന്റ് ചെലവ് (2) | വൈ ദ്യുതി ചെലവ് (3) | മറ്റു ചെലവ് (4) | ഉൽപ്പാ ദന ചെലവ് = (1+2+3 +4) |
| 2011-12 | 60.36 | 380.09 | 147.96 | 122.82 | 711.23 |
| 2012-13 | 53.58 | 485.23 | 184.00 | 140.01 | 862.82 |
| 2013-14 | 46.12 | 567.61 | 222.09 | 159.01 | 994.83 |
| 2014-15 | 35.85 | 578.10 | 223.74 | 126.40 | 964.09 |
| 2015-16 | 101.71 | 730.91 | 245.69 | 137.81 | 1216.12 |

ബി സംസ്ഥാനത്താകമാനം കാലപ്പഴക്കം വന്ന പൈപ്പുകൾ എത്രയുണ്ട്; ഇവ പുനഃസ്ഥാപിക്കാൻ എത്ര ചെലവു വരും; ജില്ല തിരിച്ച് വിശദാംശം വ്യക്തമാക്കുമോ;

ബി സംസ്ഥാനത്ത് 1914-ൽ കമ്മീഷൻ ചെയ്ത കൊച്ചി മട്ടാഞ്ചേരി പദ്ധതി, 1933-ൽ കമ്മീഷൻ ചെയ്ത തിരുവനന്തപുരം വെല്ലിംഗ്ടൺ വാട്ടർ വർക്ക്സ് തുടങ്ങി വിവിധ കാലഘട്ടങ്ങളിലായി കമ്മീഷൻ ചെയ്ത ശുദ്ധജല വിതരണ പദ്ധതികൾ ഉണ്ട്. ഇതിൽ കാസ്റ്റ് അയൺ, പ്രീസ്ട്രെസ്ഡ് കോൺക്രീറ്റ്, ആസ്ബസ്റ്റോസ് സിമന്റ്, പി.വി.സി, ഡക്റ്റൈൽ അയൺ തുടങ്ങി വിവിധ പൈപ്പ് ലൈനുകൾ സ്ഥാപിച്ചിട്ടുണ്ട്.

പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിനുള്ള മാനദണ്ഡം കാലപ്പഴക്കം മാത്രമല്ല. പൈപ്പുകൾക്ക് ഉണ്ടാകുന്ന കേടുപാടുകൾ, ജല വാഹക ശേഷിയിൽ ഉണ്ടാകുന്ന കുറവ്, റോഡുപണികൾ മറ്റും മൂലം ഉണ്ടാകുന്ന കേടുപാടുകൾ, തുടങ്ങി വിവിധ കാരണങ്ങളാൽ പഴയ പൈപ്പുകൾ മാറ്റി സ്ഥാപിക്കേണ്ടതായി വരും ഇതനുസരിച്ച് കാലാകാലങ്ങളിൽ മുൻഗണനാടിസ്ഥാനത്തിൽ പൈപ്പുകൾ മാറ്റി സ്ഥാപിക്കാറുണ്ട്. ജല അതോറിറ്റിയുടെ ജല വിതരണ ശൃംഖല ആയിരക്കണക്കിന് കിലോമീറ്റർ വ്യാപിച്ചു കിടക്കുന്നതിനാൽ പഴയ പൈപ്പുകളെ സംബന്ധിച്ച കൃത്യമായ കണക്കും അവ മാറ്റി സ്ഥാപിക്കുന്നതിന് വേണ്ടി വരുന്ന തുകയും കണക്കാക്കാൻ സാധിക്കുകയില്ല.

സി കഴിഞ്ഞ സർക്കാർ കാലയളവിൽ ഓരോ വർഷവും ലഭിച്ച വെള്ളക്കരവരുമാനം എത്ര; മൊത്ത ചെലവ് എത്ര; അതിൽ എസ്റ്റാബ്ലിഷ്മെന്റ് ചെലവ് എത്ര എന്ന് വ്യക്തമാക്കുമോ;

സി

| | (in crore) | | |
|---|---|---|---|
| വർഷം | ലഭിച്ച വെള്ളക്കരം | മൊത്തം ഉൽപ്പാദന ചെലവ് | എസ്റ്റാബ്ളിഷ്മെന്റ് ചെലവ് |
| 2011-12 | 276.35 | 711.23 | 380.10 |
| 2012-13 | 312.54 | 862.82 | 485.24 |
| 2013-14 | 315.17 | 994.83 | 567.63 |
| 2014-15 | 372.73 | 964.09 | 578.11 |
| 2015-16 | 459.91 | 1216.12 | 729.91 |

ഡി മുൻ സർക്കാർ അധികാരമേറ്റപ്പോഴുള്ള വെള്ളക്കരം (ഇനം തിരിച്ച്) എത്ര; അധികാരം ഒഴിയുമ്പോൾ എത്ര; വിശദാംശം ലഭ്യമാക്കുമോ?

ഡി മുൻ സർക്കാർ അധികാരമേറ്റപ്പോഴുള്ള വെള്ളക്കരം

**ഗാർഹിക കണക്ഷൻ**

1. 5,000 ലിറ്റർ വരെ - Rs. 20/-
2. 5,000 മുതൽ 10,000/- ലിറ്റർ വരെ -
   Rs. 20 +, 5000 ലിറ്ററിനു മുകളിൽ, ഓരോ 1000 ലിറ്ററിനും 4 രൂപ.
3. 10,000 മുതൽ 20,000/- ലിറ്റർ വരെ -
   Rs. 40 +, 5000 ലിറ്ററിനു മുകളിൽ, ഓരോ 1000 ലിറ്ററിനും 5 രൂപ.
4. 20,000 മുതൽ 30,000/- ലിറ്റർ വരെ -
   Rs. 90 +, 20,000 ലിറ്ററിനു മുകളിൽ, ഓരോ 1000 ലിറ്ററിനും 6 രൂപ.
5. 30,000 മുതൽ 40,000/- ലിറ്റർ വരെ -
   Rs. 150 +, 30,000 ലിറ്ററിനു മുകളിൽ ഓരോ 1000 ലിറ്ററിനും 10 രൂപ.
6. 40,000 മുതൽ 50,000/- ലിറ്റർ വരെ -
   Rs. 250 +, 40,000 ലിറ്ററിനു മുകളിൽ, ഓരോ 1000 ലിറ്ററിനും 14 രൂപ.
7. 50,000 ലിറ്ററിനു മുകളിൽ -
   Rs. 390 +, 50000 ലിറ്ററിനു മുകളിൽ, ഓരോ 1000 ലിറ്ററിനും 25 രൂപ.

10,000 ലിറ്ററിന് താഴെ ഉപഭോഗമുള്ള ബി.പി.എൽ ഉപഭോക്താക്കളിൽ നിന്നും വെള്ളക്കരം ഈടാക്കുന്നില്ല.

**ഗാർഹികേതര കണക്ഷൻ**

1. 15,000 ലിറ്റർ വരെ - ഓരോ 1000 ലിറ്ററിനും 10 രൂപ നിരക്കിലും മിനിമം ചാർജ്ജ് 125 രൂപയുമാണ്.

2. 15,000 മുതൽ 50,000 ലിറ്റർ വരെ -

Rs. 150 +, 15,000 ലിറ്ററിനു മുകളിൽ ഓരോ 1000 ലിറ്ററിനും 14 രൂപ.

3. 50,000 ലിറ്ററിനു മുകളിൽ -

Rs. 640 + , 50,000 ലിറ്ററിനു മുകളിൽ ഓരോ 1000 ലിറ്ററിനും 25 രൂപ.

**വ്യാവസായിക കണക്ഷൻ**

ഓരോ 1000 ലിറ്ററിനും 25 രൂപ വീതവും മിനിമം ചാർജ്ജ് 250 രൂപയുമാണ്.
മുൻസിപ്പൽ ടാപ്പ് - വർഷത്തിൽ 5,256/- രൂപ
പഞ്ചായത്ത് ടാപ്പ് - വർഷത്തിൽ 3,500/- രൂപ

**മുൻ സർക്കാർ അധികാരം ഒഴിഞ്ഞപ്പോഴുള്ള വെള്ളക്കരം**

**ഗാർഹിക കണക്ഷൻ**

1. 5,000 ലിറ്റർ വരെ - Rs. 20/-
2. 5,000 മുതൽ 10,000/- ലിറ്റർ വരെ -
   Rs. 20 +, 5000 ലിറ്ററിനു മുകളിൽ, ഓരോ 1000 ലിറ്ററിനും 4 രൂപ.
3. 10,000 മുതൽ 15,000/- ലിറ്റർ വരെ -
   Rs. 40 + , 10,000 ലിറ്ററിനു മുകളിൽ. ഓരോ 1000 ലിറ്ററിനും 5 രൂപ.
4. 15,000 മുതൽ 20,000/- ലിറ്റർ വരെ -
   ഓരോ 1000 ലിറ്ററിനും 6 രൂപ വീതം മൊത്ത ഉപഭോഗത്തിന്.
5. 20,000 മുതൽ 25,000/- ലിറ്റർ വരെ -
   ഓരോ 1000 ലിറ്ററിനും 7 രൂപ വീതം മൊത്ത ഉപഭോഗത്തിന്.
6. 25,000 മുതൽ 30,000/- ലിറ്റർ വരെ -
   ഓരോ 1000 ലിറ്ററിനും 9 രൂപ വീതം മൊത്ത ഉപഭോഗത്തിന്.
7. 30,000 മുതൽ 40,000 ലിറ്റർ വരെ
   ഓരോ 1000 ലിറ്ററിനും 12 രൂപ വീതം വീതം മൊത്ത ഉപഭോഗത്തിന്.
8. 40,000 മുതൽ 50,000 ലിറ്റർ വരെ
   ഓരോ 1000 ലിറ്ററിനും 14 രൂപ വീതം വീതം മൊത്ത ഉപഭോഗത്തിന്.

9. 50,000 ലിറ്ററിന് മുകളിൽ 700 രൂപ +
50,000 ലിറ്ററിന് മുകളിൽ ഓരോ 1000
ലിറ്ററിനും 40 രൂപ.

15,000 ലിറ്ററിന് താഴെ ഉപഭോഗമുള്ള ബി.പി.എൽ ഉപഭോക്താക്കളിൽ നിന്നും വെള്ളക്കരം ഈടാക്കുന്നില്ല.

**ഗാർഹികേതര കണക്ഷൻ**

1. 15,000 ലിറ്റർ വരെ - ഓരോ 1000 ലിറ്ററിനും 15 രൂപ നിരക്കിലും മിനിമം ചാർജ്ജ് 150 രൂപയുമാണ്.
2. 15,000 മുതൽ 30,000 ലിറ്റർ വരെ -
   Rs. 225 +, 15,000 ലിറ്ററിനു മുകളിൽ ഓരോ 1000 ലിറ്ററിനും 21/- രൂപ.
3. 30,000 മുതൽ 50,000 ലിറ്റർ വരെ -
   Rs. 540 + , 30,000 ലിറ്ററിനു മുകളിൽ ഓരോ 1000 ലിറ്ററിനും 28/- രൂപ.
4. 50,000 ലിറ്ററിനു മുകളിൽ
   Rs. 1,100 +, 50,000 ലിറ്ററിനു മുകളിൽ ഓരോ 1000 ലിറ്ററിനും 40/- രൂപ.

**വ്യാവസായിക കണക്ഷൻ**

ഓരോ 1000 ലിറ്ററിനും 40 രൂപ വീതവും
മിനിമം ചാർജ്ജ് 250 രൂപയുമാണ്.
മുൻസിപ്പൽ ടാപ്പ് - വർഷത്തിൽ 7,884/- രൂപ
പഞ്ചായത്ത് ടാപ്പ് - വർഷത്തിൽ 5,250/- രൂപ

Renaka Sankar
സെക്ഷൻ ഓഫീസർ